
ബ്ലാക് ബോർഡുകൾക്കപ്പുറം
ഡിജിറ്റൽ മാഗസിൻ
ലിറ്റിൽ കൈറ്റ്സ് (2018-19)
എം.ഇ.എസ്.എച്ച്.എസ്.എസ്.
പൊന്നാനി
little KITEs

# മാഗസിനെക്കുറിച്ച്.

വിവരവിനിമയ സാങ്കേതിക വിദ്യ മെച്ചപ്പെടുത്താൻ വേണ്ടി പൊതു വിദ്യഭ്യാസ വകുപ്പ് 2018-19ൽ തുടങ്ങിയ ഒരു സംരംഭമാണ്.ലിറ്റിൽ കൈറ്റ് യുണിറ്റ്.ഇതിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ അഭിരുചി ഉപയോഗിച്ച് തയ്യാറാക്കിയ വിഭവങ്ങളാണ് ഈ മാഗസിനിലൂടെ സമർപ്പിക്കുന്നത്.ഇതിനായി സഹകരിച്ച SITCഡിനു ടീച്ചറോടുംJoint SITC ലിഷ ടീച്ചറോടും നന്ദി അറിയിക്കുന്നു

നവ മാധ്യമലോകത്തിന് മുന്നിൽ ഞങ്ങളൊരുക്കിയ ഈ ചെറുകൈത്തിരി ഞങ്ങൾ വിനയ പൂർവ്വം കൊളുത്തി വെയ്ക്കട്ടെ

എന്ന്

കൈറ്റ് മിസ്ട്രസസ്

# HM ന്റെ ആശംസകൾ

ഭാഷാ കംപ്യൂട്ടിങ്ങ് പ്രവർത്തനത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാർത്ഥികൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. വളരെ സന്തോഷപ്രദമായ കാര്യം തന്നെ.ഈ ഹൈടെക്ക് യുഗത്തിൽ കൈയ്യെഴുത്ത് മാസികകളിൽ നിന്ന് വ്യത്യസ്തമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൊന്നാനി എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകൾനേരുന്നു

**HEAD MISTRESS**

# എം.ഇ.എസ് സ്ഥാപകൻ




ഡോ.പി.കെ.അബ്ദുൽഗഫൂർ

(1929-1984)



ഡോ.പി.എ.ഫസൽ ഗഫൂർ

(എം.ഇ.എസ്.പ്രസിഡന്റ്)



പ്രൊഫ.കടവനാട് മുഹമ്മദ്

(എം.ഇ.എസ്.സ്റ്റേറ്റ് വൈസ് പ്രസിഡന്റ്)



ഷീബ എ.വി

(ഹെഡ് മിസ്ട്രസ്)

# ഉള്ളടക്കം


.പുകവലി പാടില്ല

.ഹരിത ഭൂമിക്കായി ഒരു ദിനം

.കേരളീയ കലകൾ

.FRIENDSHIP

. പരിസ്ഥിതി മലിനീകരണത്തെ പറ്റി ഡോ . അയ്യപ്പ പ്പണിക്കരുടെനാല്വ വരി കവിത

. *വിജ്ഞാനച്ചെപ്പ്*

.*കടങ്കഥകൾ*

.*എണ്ണമറ്റ തടാകങ്ങളുടെ നാട്*

.ഹെയ്ത്തിക്കാർ എങ്ങനെകറുത്ത വർഗക്കാരായി ?

.കൂട്ടിലടച്ച തത്ത

.ജൈവ വൈവിധ്യം

.നരകത്തിലേക്ക് ഒരു ടിക്കറ്റ്
-കുരീപ്പുഴ ശ്രീകുമാർ

.നാടൻ പാട്ടുകൾ

.മയക്കുമരുന്നുകളും ആരോഗ്യവും

.തെങ്ങ്

.കടലിരമ്പുന്നു

.വെണ്മയുടെആരാധിക

.നേരിടാം ഈ ദുരന്തത്തെ

.ഓർക്കുക

.യാത്രാമൊഴി

.ആത്മവിദ്യാലയം

# പുകവലി പാടില്ല

***പുകയിലെ ഉൽപന്നങ്ങളുടെ വിൽപനയും പൊതുസ്ഥലങ്ങളിലെ പുകവലിയും പല രാജ്യങ്ങളിലും ഇപ്പോൾ നിയമവിരുദ്ധമാണ്***

***.എന്നാൽ,ആദ്യമായി പൊതു സ്ഥലങ്ങളിലെ പുകവലി നിരോധിച്ച രാജ്യം***

***എതാണെന്ന് അറിയുമൊ?ഇന്ത്യയുടെ***

***അയൽരാജ്യമായ ഭൂട്ടാൻ.2004 ഡിസംബറിലായിറുന്നു ഈ നിരോധനം നിലവിൽ***

***വന്നത്. ഭൂട്ടാനെ ഒരു പുകവലിവിമുക്ത രാജ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇങ്ങനെയൊരു***

***നിയമം കൊണ്ടുവന്നത്.ലംഘിക്കുന്നവർ വൻ തുക പിഴയടയ്ക്കേണ്ടി വരും***



# ഹരിത ഭൂമിക്കായി ഒരു ദിനം

മനുഷ്യന്റെയും ജീവജാലങ്ങളുടെയും ആവാസകേന്ദ്രമായ ഭൂമി എത്രയോ മനോഹരിയാണ് .പുഴകളും പൂക്കളും പൂമ്പാറ്റകളും നീല ജലാശയവും മഞ്ഞണിഞ്ഞ് മരതകപ്പട്ടുടുത്ത മലനിരകളും മഴയുമെല്ലാമുള്ള സുന്ദര ഭൂമി എന്നാൽ ഇന്ന് നമ്മുടെ പരിസ്ഥിതി പലവിധത്തിലും മലിനമായികൊണ്ടിരിക്കുന്നു.മനുഷ്യന് ആവശ്യമുള്ളതെല്ലാം പ്രകൃതിയിലുണ്ട്.എന്നാൽ അവന്റെ അത്യാഗ്രഹത്തിനുള്ള വകയില്ല.പ്രകൃതിയെ അമിതമായിചൂഷണം ചെയ്താൽ ഭൂമിയുടെ നിലനിൽപ്പ് തന്നെ ഇല്ലാതാകും

ഒരു തൈ നടുമ്പോൾ

ഒരു തണൽ നടുന്നു

നട്ടു നിവർക്കാൻ ഒരു കുളിർ നിഴൽ നടുന്നു


FRIENDSHIP
Muhammed salih

# ഓർക്കുക

കാലത്തിന്റെ വൈതരണിയിലെവിടെയോ
കൈകോർത്തു നടന്നവർനമ്മൾ

നിമിഷാർദ്ധനേരത്തിലെവിടെയോ
കോർത്തൊരാകൈകകൾ അയഞ്ഞു

നിനവറിയാതെയാ കൈകളെന്നോ കുടഞ്ഞെറിയപ്പെട്ടു
ദൂരെ കഥയും കവിതയും കദനങ്ങളും പിന്നെ പാതയും
രണ്ടായ് പിരിഞ്ഞു രണ്ടായിരുന്നു നാമെന്നസത്യം

ഉൾക്കൊണ്ടറിഞ്ഞു നാം നിത്യം

# പരിസ്ഥിതി മലിനീകരണത്തെ പറ്റി

# ഡോ.അയ്യപ്പപ്പണിക്കരുടെനാല്ലു വരി

# കവിത

"കാടെവിടെ മക്കളെ ?മേടെവിടെ മക്കളെ
കാട്ടുപുൽത്തകിടിയുടെ വേരെവിടെ മക്കളെ
കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളെ
കാറ്റുകൾകലർന്ന പൂങ്കാവെവിടെ മക്കളെ"

ഡോ.അയ്യപ്പപ്പണിക്കരുടെ ഈ കവിത
കേട്ടില്ലേ ?പരിസ്ഥിതിനാശത്തെ കുറിച്ച് അവബോധം പകരുന്ന മികച്ച
കലാ സൃഷ്ടിയാണിത്

# എണ്ണമറ്റ തടാകങ്ങളുടെ നാട്

ഫിൻലൻഡിനെ ആയിരം തടാകങ്ങളുടെ നാട്

എന്ന് വിശേഷിപ്പിക്കാറുണ്ട്.വെറുതെ ഒരു രസത്തിന് വിളിക്കുന്നതല്ല കേട്ടോ.അതും അതിനപ്പുറവും വിളിക്കപ്പെടാനുള്ള അർഹതയുണ്ട് ആ നാടിന്!ഫിൻലൻഡിന്റെ തെക്കുകിഴക്കുഭാഗത്തുള്ള ഫിന്നിഷ് ലേക്ക് ലാൻഡ്

എന്ന പ്രദേശത്തുമാത്രം190,000-ലധികം തടാകങ്ങളുണ്ട്! ഏകദേശം10,000 വർഷങ്ങൾക്ക് മുമ്പ് അവസാനിച്ച ഹിമയുഗത്തിന്റെ ബാക്കിപത്രമാണിവ.ഹിമയുഗം അവശേഷിപ്പിച്ച വിശാലമായ കുഴികൾക്കുമേലെ പിന്നീട് മലമുകളിൽനിന്ന് ഹിമാനികൾ(മഞ്ഞുപുഴകൾ)വന്നു മൂടി.അവ നീങ്ങിയപ്പോൾ വിശാലമായൊരു പ്രദേശം നിറയെ എണ്ണമറ്റ തടാകങ്ങൾ ബാക്കിയാവുകയും ചെയ്തു.

# ഹെയ്ത്തിക്കാർ എങ്ങനെകറുത്ത വർഗക്കാരായി ?

വെള്ളക്കാരുടെ നാടായ വടക്കേ അമേരിക്കയിലെ ഹെയ്ത്തിയിലുള്ളവർ എങ്ങനെ കറുത്തവരായി?1492-ൽ ഏഷ്യയിലേക്കുള്ള കപ്പൽപ്പാത കണ്ടെത്താനിറങ്ങിയ കൊളംബസാണ് ഹിസ്പാനിയോള ദ്വീപിലെ ഹെയ്ത്തിയുടെ ചരിത്രം മാറ്റിമറിച്ചത്.കൊളംബസിന്റെ വരവിനുശേഷം ഏതാനും ദശാബ്ദങ്ങലൾക്കുള്ളിൽ ഹെയ്ത്തിയിലെ ആദിമ നിവാസികൾഏതാണ്ട് മുഴുവനും ഇല്ലാതെയായി.പിന്നീട് 17-ാം നൂറ്റാണ്ടിൽ അവിടുത്തെ കരിമ്പിൻതോട്ടങ്ങളിൽ പണിയെടുക്കാനായി ആഫ്രിക്കയിൽ നിന്ന് അടിമകളെ കൊണ്ടുവന്നു.അവരുടെ പിൻഗാമികളാണ് ഇന്ന് ഹെയ്ത്തിയിലെ 95ശതമാനം ജനങ്ങളും.

# കൂട്ടിലടച്ച തത്ത

"കൂട്ടിലടച്ച തത്ത നിന്നെ
കാണാനെന്തൊരുചന്തം
കണ്ടാലും കണ്ടാലും മതിയാവില്ല
എന്തുവിഷമം നിനക്കു തത്തേ"

"ഞാനൊരു പാവം കിളിയാണ്
പണ്ടൊരു വേടന്റെ കൂട്ടിൽ പെട്ടു
അമ്മയും അച്ഛനും നഷ്ട്പ്പെട്ടു
ആരാരുമില്ലെനിക്കാരുമില്ല
കൂട്ടിലടച്ച കിളിയല്ലോ ഞാൻ"

# നരകത്തിലേക്ക് ഒരു ടിക്കറ്റ്

## -കുരീപ്പുഴ ശ്രീകുമാർ

"ഉസ്താദെ, ഉസ്താദെ മഹാത്മാഗാന്ധി ആരായിരുന്നു?

മഹാത്മാഗാന്ധി, മഹാനായ

രാജ്യസ്നേഹി, രാഷ്ട്രപിതാവ്

അഹിംസയുടെ പ്രവാചകൻ,

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്ന മഹാൻ

ഞങ്ങളുടെ ഈ എളിയ സംരംഭം രണ്ടു കയ്യും

നീട്ടി സ്വീകരിച്ചവർക്ക്,സ്നേഹിച്ചവർക്ക്,പ്രതികരിച്ചവർക്ക്,

വഴികാട്ടിയവർക്ക് നന്ദി! നന്ദി!! നന്ദി!!!

# നാടൻ പാട്ടുകൾ

## ധനുമാസത്തെ തിരുവാതിര

ഭഗവാൻ തന്റെ തിരുനാളല്ലോ
ഭഗവതിക്കു തിരുനോൽമ്പാണ്
അടിയങ്ങൾക്കു പഴനോൽമ്പാണ്!
ആടണം പോൽ പാടണം പോൽ
ആത്തേമ്മാരെ വാ കുളിപ്പാൻ
ചിറ്റും താലീം ഞാൻ തരുവേൻ
ആടണം പോൽ പാടണം പോൽ
വാരസ്യാരേ വാ കുളിപ്പാൻ
മാത്രേം ചരടും ഞാൻ തരുവേൻ
ആടണം പോൽ പാടണം പോലൽ
പുഷ്പിണിയേ വാ കുളിപ്പാൻ

## ജനങ്ങൾ

ബാലന്മാരും തരുണന്മാരും
താടി നരച്ച മുതുക്കന്മാരും
തലമുടി വെട്ടിയ ചട്ടമ്പികളും
ചട്ടയുമിട്ടു മുറുക്കി നടക്കും
താന്തോന്നികളിവരും കുവിപ്പി-
ള്ളരുമെന്നും കാലത്തേ
ഇന്ത-ത്തിത്ത-ത്തിത്തിത്തോം
തക-തിത്തൈ

# മയക്കുമരുന്നുകളും ആരോഗ്യവും

## സാധാരണയായി കണ്ടുവരുന്ന മയക്കുമരുന്നുകൾ

•കഞ്ചാവും അതിൽ നിന്നുണ്ടാകുന്ന ഹാഷിഷ്, കഞ്ചാവ് ഓഴിൽ എന്നിവ

•കറുപ്പും അതിന്റെ ഉപോൽപ്പന്നങ്ങളായ ഹെറോയിൻ,ബ്രൗൺ ഷുഗർ എന്നിവ

ചികിത്സാ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഡയസിപ്പാം

പെത്തിഡിൻ,ബുപ്രിനോർഫിൻ,പെന്റാസോസിൻ മുതലായ മരുന്നുകൾ

# തെങ്ങ്

കാറ്റത്തിളകും മടലുകളു കായ്ച്ചു തഴയ്ക്കും കുലകളുമായ്

നമ്മുടെ തോട്ടത്തിൽ നിന്നിടുന്നു നല്ലൊരു തെങ്ങുകളൊട്ടനേകം പാരിന്നഴകും നിഴലുമേകി

പാരമിത്തെങ്ങു വിളങ്ങിടുന്നു തന്നുടമസ്ഥനു വേണ്ടിയെല്ലാം തൻ തലമേൽതാങ്ങി നിന്നിടുന്നു വേനലോ മഞ്ഞെന്നോ ഭേദമില്ല വേറിട്ടൊരൊറ്റ നിനവുമില്ല അപ്പനുമമ്മയും ബാല്യകാലത്തല്പം

ജലമിതിന്നേകിപോലും ആ നന്ദിമൂലമവർക്കിതിപ്പോ- ളാശിച്ചതൊക്കെയും നൽകിടുന്നു. പാൽ ച്ചോറുതന്നവർ കൊച്ചുനാളിൽ പാരാതെയെന്നെയും പോറ്റിടുന്നു ദൈവമെ ഞാനും കടപ്പുഴിയിലി- ത്തെങ്ങുകൾ ക്കൊപ്പമായ് തീരണമേ!

# കടലിരമ്പുന്നു

കടൽക്കരയിൽ ഇരമ്പുന്നു,വിദ്യാലയം

പ്രാർത്ഥനയും  സത്യാന്വേഷണവും

ചരിത്ര പഠനവും പരീക്ഷണ നിരീക്ഷണങ്ങളും

ഗർജ്ജനവേഗങ്ങളിൽ മനനം ചെയ്ത കടൽ

നീലിച്ചു പുളഞ്ഞു. രാത്രി ഉണ്ണിയെ

കൂട്ടിപ്പിടിച്ച കിടന്ന ഉമ്മ,

കേട്ടു കടലിരമ്പം

## വെണ്മയുടെആരാധിക

എന്നും ,

വെണ്മയോടായിരുന്നു അവൾക്കിഷ്ടം അവളുടെ പൂന്തോട്ടത്തിൽ

വെള്ളപ്പൂക്കളേ ഉണ്ടായിരുന്നുള്ളൂ വെള്ള വസ്ത്രങ്ങളേ അവൾ

ധരിച്ചിരുന്നുള്ളൂ മുല്ലമൊട്ടുപോലുള്ള പല്ലുകളുംവെള്ളാരങ്കണ്ണുകളും

അവളെ ഏറെ സുന്ദരിയാക്കി ഒരു നാൾ

വെള്ളഷാളിൽ തൂങ്ങിയാണല്ലോ അവൾ യാത്രയായതും!



Muhammed salih

# നേരിടാം ഈ ദുരന്തത്തെ!

അതിഭീകരമായിരുന്നു കേരളം ഈ വർഷം നേരിട്ട പ്രളയം. ഇപ്പോഴും നാം അതിൽ നിന്ന് പൂർണ്ണമായും മോചനം നേടിയിട്ടില്ല.അപ്രതിക്ഷിതമായിട്ടായിരുന്നു.ആ ദുരന്തം

എത്തിയത്.നിരവധി പേർ അതിൽപെട്ട് മരണമടഞ്ഞു.അനേകംപേർക്ക് പരിക്കു പറ്റി .അനേകം പേർക്ക് സർവ്വതും നഷ്ട്ടപ്പെട്ടു.പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും സ്കൂൾ യൂണിഫോമുകളുംവരെ നഷ്ട്ടപ്പെട്ട്

വിതുമ്പുന്ന കുട്ടികളുടെ മുഖങ്ങൾ ഞങ്ങൾ കാണുന്നുണ്ട്.

അവസാനം ദുരന്തം വഴിമാറി.ഇനി നമ്മുക്ക് എല്ലാം ശരിയാക്കണം.അതിനായി കഠിനമായി പ്രവർത്തിക്കാം.

കേരളം 1924ൽ ഒരു മഹാപ്രളയത്തിൽ പെട്ടതാണ്. ഇന്നത്തേക്കാൾ കൂടുതൽ മരണം അന്നുണ്ടായി എന്നാണ്കരുതപ്പെടുന്നത്. ആ പ്രളയക്കെടുതിയെ നേരിട്ട ജനതയെ സഹായിക്കാൻ മഹാത്മാഗാന്ധി തന്നെ അന്ന് ഒരു ലക്ഷം രൂപ പിരിച്ചെടുത്ത് നൽകി എന്നും ഓർക്കുക. പ്രളയവും പ്രകൃതിയുടെ ഒരു സാധാരണ പ്രതിഭാസമാണ്.അത്തരം ദുരന്തങ്ങൾ ഇനിയും ആവർത്തിച്ചേക്കാ ം.ദുരന്തത്തെ നേരിട്ട് ജീവിക്കാനുള്ള ധീരതയും വൈദഗ്ധ്യവും നാം ആർജ്ജിക്കുകയാണ് വേണ്ടത്

# ആത്മവിദ്യാലയം

ഇല്ല.മറക്കാൻ കഴിയില്ലെനിക്കന്നിൽ

അറിവിൽ വെളിച്ചം ആത്മാവിലെത്തിച്ച

സ്നേഹ സാഹോദര്യം എന്നിലലിയിച്ച

വർണ്ണലോകത്തിൻ ചിറകുമുളപ്പിച്ച

സ്വച്ഛവും ശാന്തിയും ജീവനിലേകിയ

അക്ഷരലോകത്തെ സ്നേഹിതയാക്കിയ

ഓർമ്മതൻ താളിൽ രത്നം പതിപ്പിച്ച

സ്നേഹാലയമാം ആത്മവിദ്യാലയത്തെ



Muhammed salih

# ഉഷ്ണീകരണം

ആഗോള ഫാക്ടറികളിലും വൈദ്യുത ഊർജ്ജസ്റ്റേഷനുകളിലും,കത്തുന്ന കാടുകളിലും ,മോട്ടോർവാഹനങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്ന കാർബൺ ഡൈ ഓക്സൈഡ് തുടങ്ങിയ വാതകങ്ങൾ ഭൂമിയുടെ അന്തരീക്ഷത്തിൽ അടിഞ്ഞുകൂടും.അവ സ്വയം താപത്തെ ആഗിരണം ചെയ്യും.തിരികെ ബഹികരാകാശത്തേക്ക് ആ താപം കടത്തിവിടുകയുമില്ല.ഭൂമിയിലെ താപനില ഉയരുന്നതിന് ഇതു കാരണമാകും.ഈ പ്രതിഭാസത്തെ ആഗോള ഉഷ്ണീകരണം എന്നു പറയുന്നു.

# അണിയറയിൽ

**Chief Editor:-Sheeba.A.V**

**Staff Editors:-Soujath.K.M**

**Sumayya.T.M**

**Student Editor:-Mohammed Hafil**

**Munavir.C.M**

**Mohammed Salih**

**Editorial Board:-Dinu.K.R**

**Lisha.A.N**

**Members Of Little Kites**